**GAZETTE DATE : 31.08.2026**
**LAST DATE : 07.10.2026**

# N.C.A.NOTIFICATION – DISTRICT WISE
# CATEGORY NO.146/2026 - 150/2026
## FIRST NCA NOTIFICATION

Applications are invited online only from qualified candidates belonging to the following reservation communities of Kerala State for selection to the post mentioned below in Kerala Government Service. Applications must be submitted online only through the official website of Kerala Public Service Commission (www.keralapsc.gov.in) after **'ONE TIME REGISTRATION'**. Candidates who have already registered can apply through their profile. Candidates who have aadhaar should add the same as ID proof in their profile.

1. **Department** : **Forest and Wildlife**
2. **Name of post** : **Beat Forest Officer**
3. **Scale of Pay** : **₹ 27,900-63,700/-**
4. **Number of Vacancies** : **District wise**

| Category No. | Community | District | No. of vacancies |
|---|---|---|---|
| 146/2026 | LC/AI | Wayanad | 01 (One) |
| 147/2026 | Muslim | Idukki | 01 (One) |
| 148/2026 | SC | Idukki | 01 (One) |
| | | Wayanad | 01 (One) |
| 149/2026 | SIUC Nadar | Idukki | 01 (One) |
| 150/2026 | SCCC | Idukki | 01 (One) |

**Note:**

(i) *Differently Abled Candidates are not eligible to apply for this post.*

(ii) *Applications submitted by candidates belonging to the communities other than notified will be summarily rejected. No rejection memo will be issued.*

(iii) *Candidates already in Govt. Service holding the same post in any one district are prohibited from applying again for this post, but they can apply to higher posts when notified.*

(iv) *Separate Ranked List for each district will be published. The above vacancies are now in existence. Ranked list will be prepared for each community in pursuance of this notification. The Ranked List published as per this notification shall remain in force until candidates are advised and appointed against the vacancies earmarked for the above communities, but remain unfilled due to paucity of candidates during the currency of the Mother Ranked List published for the post as detailed below.*

| District | Ranked List Number and Date of publication of Ranked List | Category No. |
|---|---|---|
| Wayanad | 1347/2024/DOW dtd 26.12.2024 | 027/2022 |
| Idukki | 1359/2024/DOJ dtd 30.12.2024 | 027/2022 |

(v) *The name, age limit and qualifications of this post has been prescribed as per the G.O(P)No. 60/2010/F & WLD dated 30.08.2010 (SRO No. 861/2010), G.O(P)No. 84/2014/F& WLD dated 20.09.2014 (SRO No. 574/2014) and G.O(Ms)No.08/2026/P&ARD dated 27.02.2026.*

(vi) *Candidates having 'A', 'B' & 'C' certificate of NCC will be given weightage marks at the rate of 2%, 3% and 5% respectively, vide G.O(Ms)No.112/2007/HEdn. Dated 21.08.2007.*

(vii) *Student Police Cadet (SPC) Certificate holders will be given weightage marks as per G.O.(MS) No.06/2025/P&ARD dated 01.03.2025.*

(viii) *Extra marks will be awarded to meritorious sports persons as per para 6 of the general conditions.*

(ix) *In the case of candidates applying for District-wise selections in Kasaragod, Idukki and Wayanad districts, Working Arrangement, Deputation, Transfer and Mutual Transfer will not be allowed for at least ten years, if they are appointed from the rank lists of those districts. Their promotion will also be limited to those districts. (Government Order No. G.O.(Ms).No.6/2026/P&ARD dated 22.01.2026)*

5. **Method of Appointment** : **Direct Recruitment** (from candidates belonging to specified reservation communities only)

6. **Age** : (i) **For SC :19-39**, ie; Candidates born between 02.01.1987 and 01.01.2007 (both dates included) are eligible to apply for this post.
(ii) **for other reservation communities: 19-37**, ie; Candidates born between 02.01.1989 and 01.01.2007 (both dates included) are eligible to apply for this post.
(Including the relaxation in Para2(i) of the General conditions)
***Note:*** *Candidates belonging to Schedule Caste Converted to Christian Community, who have converted to Christianity from SC after attaining 18 years and children of such parents ie. candidates born between 02.01.1987 and 01.01.2007 are eligible to apply for this post (both dates included) and their age limit is 19-39.*
*(For other conditions regarding age relaxation, please see Para (2) of the General Conditions except Para 2(i) under Part II of this notification.)*

7. **Qualifications :-**

1 **Educational Qualifications**

Pass in Plus Two Examination conducted by the Board of Higher Secondary Education, Government of Kerala or Equivalent examination recognized by Government of India or Government of Kerala.

LINK: -Equivalent/Higher Qualifications

Note: i) KS & SSR Part II Rule 10(a)(ii) is applicable.

ii) In addition to the qualification prescribed in the notification the qualifications recognized by Executive orders or standing orders of Government as equivalent to a qualification specified for a post and such of those qualifications which presuppose the acquisition of the lower qualifications prescribed for the post shall also be sufficient for the post. The Government orders declaring equivalent/ higher qualification shall be produced as and when called for by the commission.

2 **Candidates should possess the following qualifications also.**

a) **Male Candidates**

(i) **Physical Standards**:

Height-A minimum of 168 cms,
Chest-A minimum of 81cms around the chest and must have an expansion of 5 cms on full inhalation.

*Note:-Minimum height measurement of Scheduled Caste/Scheduled Tribe candidates shall be 160 cm. The minimum chest expansion of 5 cm shall be made applicable to the Scheduled Caste and Scheduled Tribe candidates.*

(ii) **Physical Efficiency Test**:

All the male candidates must qualify in any of the **5 (five)** events out of the **8 (eight)** events specified below of the National Physical Efficiency One Star Standard test.

| Sl. No. | Events | One Star Standards |
|---|---|---|
| 1. | 100 Meters Run | 14 Seconds |
| 2. | High Jump | 132.2 cm |
| 3. | Long Jump | 457.2 cm |
| 4. | Putting the Shot (7264 grams) | 609.6 cm |
| 5. | Throwing the cricket ball | 6096 cm |
| 6. | Rope Climbing (with hands only) | 365.80 cm |
| 7. | Pull Ups or chinning | 8 times |
| 8. | 1500 Meters Run | 5 minutes 44 Seconds |

(iii) **Endurance Test:**

All male candidates shall successfully complete an endurance test of running 2 Kilometers in 13 (Thirteen) minutes.

b) **Female Candidates**

(i) **Physical Standards**: Height-A minimum of 157 cms.

***Note:*** Minimum height measurement of Scheduled Caste/Scheduled Tribe candidates shall be 150 cm.

(ii) **Physical Efficiency Test**:

All the Female candidates must qualify any of the **5 (five) events** out of the **9 (nine)** events specified below of the National Physical Efficiency One Star Standard test.

| Sl. No. | Events | One Star Standards |
|---|---|---|
| 1. | 100 Meters Run | 17 Seconds |
| 2. | High Jump | 106 cm |
| 3. | Long Jump | 305 cm |
| 4. | Putting the Shot (4000 grams) | 400 cm |
| 5. | 200 Meters Run | 36 Seconds |
| 6. | Throwing the throw ball | 1400 cm |
| 7. | Shuttle Race (4 x 25 m) | 26 seconds |
| 8. | Pull Ups or chinning | 8 times |
| 9. | Skipping (One Minute) | 80 times |

(iii) **Endurance Test:**

All female candidates shall successfully complete an endurance test of running 2 Kilometers in 15 (fifteen) minutes.

***Note:***

1. Physical Measurement of candidate will be taken prior to the Physical Efficiency Test or Endurance test and those who do not possess the prescribed physical measurement will not be admitted for the Physical Efficiency Test or Endurance test. **If accidents or injuries happen to a candidate while participating in the physical efficiency test/endurance test, he/she will not be given another chance to participate in the test.**

2. Tentative schedule for Endurance Test, Physical Measurement and Physical efficiency test will be published in the official website of Kerala Public Service Commission.

3 **Medical Standards:-**

Both male and female candidates must possess medical standards prescribed below.

(i) **Ear:** Hearing should be perfect.

(ii) **Eye**: Must be certified to possess visual standards specified below without glasses.

| | | **Right Eye** | **Left Eye** |
|---|---|---|---|
| a) | Distant Vision | 6/6 Snellen | 6/6 Snellen |
| b) | Near Vision | 0.5 Snellen | 0.5 Snellen |
| c) | Colour Vision | Normal | |
| d) | Night Blindness | Nil | |

(iii) **Muscles and joints**: No paralysis and all joints with free movements.

(iv) **Nervous System**: Perfectly normal and free from any infectious diseases.

***Note:*** *Each eye must have a full field of vision. Colour blindness, squint or any morbid conditions of the Eye or lids of either eye will be deemed to be a disqualification.*

Candidates should produce a medical certificate in original in the form prescribed hereunder certifying to their physical fitness and eye sight without glasses at the time of Physical Efficiency Test/Endurance Test. Medical Certificate should be one obtained from a Medical Officer under the Government not below the rank of an Assistant Surgeon/Junior Consultant. This Medical Certificate shall be uploaded in the profile of the candidate and the original shall be produced at the time of certificate verification.

**FORM OF MEDICAL CERTIFICATE**

I have this day, medically examined Sri/Smt/Kum...................................................... (name and address) and found that his/her hearing is perfect, his/her muscles and joints are free from paralysis and all joints are with free movements and his/her nervous system is perfectly normal and free from any infectious diseases which would render him/her unsuitable for government services. His/her age according to his/her own statement is …................ and by appearance is …................................... and his/her standards of vision is as follows.

**Standards of Vision**

(without glasses)

| | | **Right Eye** | **Left Eye** |
|---|---|---|---|
| i. | Distant Vision | …..........Snellen | …......... Snellen |
| ii. | Near Vision | …..........Snellen | …......... Snellen |
| iii. | Field of Vision | .................... | |

(Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)

iv. Colour Vision ................................

v. Night Blindness ................................

vi. Squint ................................

vii. Any morbid condition of the eyes or lids of either eye ………………………….

viii) Identification Marks

1)…………………………………………….

2)…………………………………………….

He/She is physically fit for the post of Beat Forest Officer in the Forest and Wildlife Department.

I certify to the best of my knowledge and belief that the applicant Sri/Smt/kum. ……………………………………….(Name) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: Signature

Date : Name and Designation of the Medical Officer

*(Office Seal)*

***Note:*** *Details regarding standards of vision should be clearly stated in the Certificate as given above and vague statement such as Vision 'Normal/Good/Average' will not be accepted. Specification for each eye should be stated separately. If the specification are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.*

8. Candidates who are appointed to service shall undergo training for one year in any of the forest training schools. The Beat Forest Officer who does not complete successfully the training course will not eligible for promotion.

9. Candidates appointed by Direct Recruitment shall be on probation for a total period of 2 years on duty within a continuous service of 3 years.

**10 Mode of submitting applications:-**

a) Candidates shall register as per ONE TIME REGISTRATION system on the Official Website of Kerala Public Service Commission 'www.keralapsc.gov.in' for applying for the post. Candidates who have registered shall apply by logging on to their profile using their User-ID and Password. Candidates shall click on the 'Apply Now' button of the respective posts in the Notification Link for applying for a post. Candidates who are creating new profile must upload photograph which is taken within six months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Candidates must ensure correctness of the information in their profile before the final submission

of the application. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application. Applications submitted not in accordance with the conditions of the notification will be summarily rejected if non compliance with the notification is found in due course of processing. Original documents to prove qualification , experience , community, age etc., have to be produced as and when called for.
b) If Written Test/OMR Test/Online Test is conducted as a part of this selection, candidates possessing requisite qualification as per Para 7 above alone shall submit a Confirmation for writing the examination through their One Time Registration profiles. Such candidates alone can generate and download the Admission Tickets in the last 15 days till the date of Test. The application of candidates who do not submit confirmation within the stipulated period, will be rejected absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

**11. Last date for submission of applications: 07.10.2026 Wednesday upto 12 Midnight.**

**12. Special Instructions to Candidates:**

(i) Candidates who receive a profile message at any stage of the selection process directing them to upload documents to prove their qualifications and other claims should do so within the stipulated time ;Otherwise, they will not be considered for the next stage of the selection.

(ii) In the case of difference in Caste/Community claimed in the application and that entered in SSLC Book, the candidate shall produce a gazette notification in this regard, along with Non-creamy layer/ community certificate at the time of certificate verification.

(iii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

(iv) Appropriate disciplinary actions as per rule 22 of the Kerala Public Service Commission Rules of procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them if they have already been appointed, or any one or more of the above.(For details regarding photo, ID card etc refer the general conditions given in part II of the gazette notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

## എൻ.സി.എ വിജ്ഞാപനം – ജില്ലാതലം
## കാറ്റഗറി നമ്പർ : 146/2026-150/2026

**ഒന്നാം എൻ.സി.എ വിജ്ഞാപനം**

താഴെപ്പറയുന്ന തസ്തികയിലേക്ക് തിരഞ്ഞെടുക്കപ്പെടുന്നതിന് കേരള സംസ്ഥാനത്തിലെ യോഗ്യതയുള്ള ചുവടെ ചേർക്കുന്ന സംവരണ സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം അപേക്ഷകൾ ഓൺലൈനായി ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ കാർഡുള്ള ഉദ്യോഗാർത്ഥികൾ ആയത് തിരിച്ചറിയൽ രേഖയായി പ്രൊഫൈലിൽ ചേർക്കേണ്ടതാണ്.

1. **വകുപ്പ്** : **വനം വന്യജീവി**
2. **ഉദ്യോഗപ്പേര്** : **ബീറ്റ് ഫോറസ്റ്റ് ഓഫീസർ**
3. **ശമ്പളം** : **₹27,900-63,700/-**
4. **ഒഴിവുകളുടെ എണ്ണം** : **ജില്ലാടിസ്ഥാനത്തിൽ**

| കാറ്റഗറി നമ്പർ | സമുദായം | ജില്ല | ഒഴിവുകളുടെ എണ്ണം |
|---|---|---|---|
| 146/2026 | എൽ.സി/എ.ഐ | വയനാട് | 01 (ഒന്ന്) |
| 147/2026 | മുസ്ലീം | ഇടുക്കി | 01 (ഒന്ന്) |
| 148/2026 | എസ് സി | ഇടുക്കി | 01 (ഒന്ന്) |
| | | വയനാട് | 01 (ഒന്ന്) |
| 149/2026 | എസ് ഐ യു സി നാടാർ | ഇടുക്കി | 01 (ഒന്ന്) |
| 150/2026 | എസ് സി സി സി | ഇടുക്കി | 01 (ഒന്ന്) |

**കുറിപ്പ് :**

*(i) ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ അർഹരല്ല.*

*(ii) ഈ വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള സംവരണ സമുദായങ്ങളിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ യാതൊരറിയിപ്പും കൂടാതെ നിരസിക്കുന്നതാണ്.*

*(iii) ഇതേ തസ്തികയിൽ ഏതെങ്കിലും ജില്ലയിൽ ജോലിനോക്കുന്നവർ ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കാൻ പാടുള്ളതല്ല. എന്നാൽ ഇതിലും ഉയർന്ന ഉദ്യോഗത്തിന് അപേക്ഷ ക്ഷണിക്കുമ്പോൾ അപേക്ഷിക്കാവുന്നതാണ്.*

*(iv) ഈ വിജ്ഞാപനപ്രകാരം ജില്ലാടിസ്ഥാനത്തിൽ പ്രത്യേകം റാങ്ക് ലിസ്റ്റുകൾ തയ്യാറാക്കുന്നതാണ്. മേൽ സൂചിപ്പിച്ച ഒഴിവുകൾ ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപനപ്രകാരം ഓരോ സമുദായത്തിനും പ്രത്യേകം റാങ്ക് പട്ടികകൾ തയ്യാറാക്കുന്നതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റുകൾ ഈ തസ്തികയ്ക്കായി പ്രസിദ്ധീകരിച്ച താഴെപ്പറയുന്ന റാങ്ക് ലിസ്റ്റുകളുടെ കാലയളവിൽ മേൽപ്പറഞ്ഞ സമുദായങ്ങൾക്ക് വേണ്ടി നീക്കി വച്ചിട്ടുള്ള ഒഴിവുകളിലേയ്ക്കും, ആ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ നികത്തപ്പെടാത്ത ഒഴിവുകളിലേയ്ക്കും ഉദ്യോഗാർത്ഥികളെ നിയമന ശിപാർശ ചെയ്ത് നിയമനം നടത്തുന്നത് വരെ നിലവിലിരിക്കുന്നതാണ്.*

| ജില്ല | റാങ്ക് ലിസ്റ്റ് നമ്പരും പ്രസിദ്ധപ്പെടുത്തിയ തീയതിയും | കാറ്റഗറി നമ്പർ |
|---|---|---|
| വയനാട് | 1347/2024/DOW dtd 26.12.2024 | 027/2022 |
| ഇടുക്കി | 1359/2024/DOJ dtd 30.12.2024 | 027/2022 |

*(v) ഈ തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യതകൾ എന്നിവ 30.08.2010 ലെ G.O(P)No. 60/2010/F & WLD (SRO No.861/2010) പ്രകാരവും 20.09.2014 ലെ G.O(P)No. 84/2014/F & WLD (SRO No.574/2014), G.O(Ms)No.08/2026/P&ARD dated 27.02.2026 പ്രകാരവുമാണ് വിജ്ഞാപനം ചെയ്തിരിക്കുന്നത്.*

*(vi) എൻ.സി.സി യുടെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം '2%', '3%', '5%' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതായിരിക്കും.*

*(vii) 01.03.2025 തീയതിയിലെ G.O.(MS) No.06/2025/P&ARD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾ വെയിറ്റേജ് മാർക്കിന് അർഹരാണ്.*

*(viii) പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.*

*(ix) ജില്ലാതല തെരഞ്ഞെടുപ്പിന് കാസർഗോഡ്, ഇടുക്കി, വയനാട് ജില്ലകളിൽ അപേക്ഷിക്കുന്ന ഉദ്യോഗാർത്ഥികളുടെ കാര്യത്തിൽ, പ്രസ്തുത ജില്ലകളിലെ റാങ്ക് പട്ടികകളിൽ ഉൾപ്പെട്ട് നിയമനം ലഭിച്ചാൽ കുറഞ്ഞത് പത്ത് വർഷത്തേയ്ക്ക് വർക്കിംഗ് അറേഞ്ച് മെന്റ്, ഡെപ്യൂട്ടേഷൻ, ട്രാൻസ്ഫർ, മ്യൂച്ചൽ ട്രാൻസ്ഫർ എന്നിവ അനുവദിക്കുന്നതല്ല. അവരുടെ പ്രൊമോഷനും ടി ജില്ലകളിൽ തന്നെ പരിമിതപ്പെടുത്തുന്നതാണ്. (22.01.2026 തീയതിയിലെ G.O.(Ms).No.6/2026/P&ARD നമ്പർ സർക്കാർ ഉത്തരവ്).*

**5. നിയമനരീതി** : **നേരിട്ടുള്ള നിയമനം.** (നിർദ്ദിഷ്ട സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽ നിന്നു മാത്രം).

**6. പ്രായപരിധി** : **(I) 19–39,** പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ **02.01.1987** നും **01.01.2007** നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം.

**(II) 19–37;** മറ്റ് സംവരണ സമുദായത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ **02.01.1989** നും **01.01.2007** –നും (രണ്ട് തീയതികളും ഉൾപ്പെടെ) ഇടയിൽ ജനിച്ചവരായിരിക്കണം.

(പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 2(i) പ്രകാരമുള്ള വയസ്സിളവ് ഉൾപ്പെടെ)

**കുറിപ്പ്:** പതിനെട്ട് വയസ്സ് പൂർത്തിയായതിന് ശേഷം എസ്.സി വിഭാഗത്തിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തവരും അപ്രകാരമുള്ള മാതാപിതാക്കളുടെ സന്താനങ്ങളും ഉൾപ്പെട്ട എസ്.സി.സി.സി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ 02.01.1987 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ). അത്തരം ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 19–39.

[ഉയർന്ന പ്രായപരിധിയിൽ അനുവദിച്ചിട്ടുള്ള മറ്റ് പ്രത്യേക ആനുകൂല്യങ്ങൾക്ക് ഈ വിജ്ഞാപനത്തിന്റെ പാർട്ട് II - ലെ പൊതുവ്യവസ്ഥകളിലെ ഖണ്ഡിക 2 (2(i) ഒഴികെ) നോക്കുക.]

**7. യോഗ്യതകൾ:**

**(1) <u>വിദ്യാഭ്യാസ യോഗ്യതകൾ:</u>**

കേരള സർക്കാരിന്റെ ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന പ്ലസ് ടു പരീക്ഷ വിജയിച്ചിരിക്കണം അല്ലെങ്കിൽ കേരള/ഭാരത സർക്കാർ അംഗീകരിച്ച തത്തുല്യ പരീക്ഷ വിജയിച്ചിരിക്കണം.

LINK:-Equivalent/Higher Qualifications

കുറിപ്പ് : (a) KS & SSR Part II Rule 10(a) (ii) ബാധകമാണ്.

(b) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക് പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട യോഗ്യതകൾ അടിസ്ഥാന യോഗ്യതയായുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(2) <u>ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന യോഗ്യതകൾ കൂടി ഉണ്ടായിരിക്കേണ്ടതാണ്.</u>**

**a) <u>പുരുഷ ഉദ്യോഗാർത്ഥികൾ:–</u>**

(i) **<u>ശാരീരിക യോഗ്യതകൾ :</u>**

**ഉയരം**–കുറഞ്ഞത് 168 സെ.മീ.

**നെഞ്ചളവ്** –കുറഞ്ഞത് 81 സെ.മീറ്ററും പൂർണ്ണമായും ശ്വാസമുള്ളിലേക്കെടുക്കുമ്പോൾ 5 സെ.മീ വികാസവും.

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 160 സെ.മീ ഉയരം മതിയാകുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ വിഭാഗം ഉദ്യോഗാർത്ഥികൾക്കും നെഞ്ചളവിൽ കുറഞ്ഞത് 5 സെ.മീ വികാസം എന്ന നിബന്ധന ബാധകമാകുന്നതാണ്.

(ii) **<u>കായികക്ഷമതാ പരീക്ഷ</u>**

എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും പുരുഷൻമാർക്കുള്ള വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന **8 (എട്ട്)** ഇനങ്ങളിൽ ഏതെങ്കിലും **5 (അഞ്ച്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| **ക്രമ നമ്പർ** | **ഇനങ്ങൾ** | **വൺ സ്റ്റാർ നിലവാരം** |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.2 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.2 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264.ഗ്രാം) | 609.6 സെ.മീ. |
| 5. | ത്രോയിംഗ് ദ ക്രിക്കറ്റ് ബാൾ | 6096 സെ.മീ. |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |

| | | |
|---|---|---|
| 7. | പുൾ അപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 8. | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

(iii) **എൻഡ്യൂറൻസ് ടെസ്റ്റ് :-**

എല്ലാ പുരുഷ ഉദ്യോഗാർത്ഥികളും 2 കിലോമീറ്റർ ദൂരം 13 (പതിമൂന്ന്) മിനിറ്റിനുള്ളിൽ ഓടി വിജയകരമായി പൂർത്തിയാക്കണം.

b) **വനിതാ ഉദ്യോഗാർത്ഥികൾ :**

(i) **ശാരീരിക യോഗ്യതകൾ:** ഉയരം കുറഞ്ഞത് 157 സെ.മീ

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വനിതാ ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് 150 സെ.മീ ഉയരം മതിയാകുന്നതാണ്.

(ii) **കായികക്ഷമതാ പരീക്ഷ:**

എല്ലാ വനിതാ ഉദ്യോഗാർത്ഥികളും വനിതകൾക്കുള്ള വൺ സ്റ്റാർ നിലവാരത്തിലുള്ള താഴെ പറയുന്ന **9 (ഒൻപത്)** ഇനങ്ങളിൽ ഏതെങ്കിലും **5 (അഞ്ച്)** എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺ സ്റ്റാർ നിലവാരം |
|---|---|---|
| 1 | 100 മീറ്റർ ഓട്ടം | 17 സെക്കന്റ് |
| 2 | ഹൈജമ്പ് | 106 സെ.മീ |
| 3 | ലോംഗ് ജമ്പ് | 305 സെ.മീ |
| 4 | പുട്ടിംഗ് ദ് ഷോട്ട്(4000 ഗ്രാം) | 400 സെ.മീ |
| 5 | 200 മീറ്റർ ഓട്ടം | 36 സെക്കന്റ് |
| 6 | ത്രോയിംഗ് ദി ത്രോബാൾ | 1400 സെ.മീ |
| 7 | ഷട്ടിൽ റേസ് (4 x 25 m) | 26 സെക്കന്റ് |
| 8 | പുൾ അപ്പ് അഥവാ ചിന്നിംഗ് | 8 തവണ |
| 9 | സ്കിപ്പിങ്ങ് (1 മിനിറ്റ്) | 80 തവണ |

(iii) **എൻഡ്യൂറൻസ് ടെസ്റ്റ് :-**

എല്ലാ വനിതാ ഉദ്യോഗാർത്ഥികളും 2 കിലോമീറ്റർ ദൂരം 15 (പതിനഞ്ച്) മിനിറ്റിനുള്ളിൽ ഓടി വിജയകരമായി പൂർത്തിയാക്കണം.

**കുറിപ്പ്:**

i. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവെടുപ്പ് കായികക്ഷമതാ പരീക്ഷ/എൻഡ്യൂറൻസ് ടെസ്റ്റിനു മുന്നോടിയായി നടത്തുന്നതാണ്. നിശ്ചിത ശാരീരിക അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷ/എൻഡ്യൂറൻസ് ടെസ്റ്റിൽ പങ്കെടുപ്പിക്കുന്നതല്ല. **കായികക്ഷമതാ പരീക്ഷയിലോ എൻഡ്യൂറൻസ് ടെസ്റ്റിലോ പങ്കെടുക്കുന്നതിനിടയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് ആയതിന് പങ്കെടുക്കുവാൻ മറ്റൊരു അവസരം നൽകുന്നതല്ല.**

ii. ഈ തസ്തികയുടെ എൻഡ്യൂറൻസ് ടെസ്റ്റ്, ശാരീരിക അളവെടുപ്പ്, കായിക ക്ഷമത പരീക്ഷ എന്നിവ സംബന്ധിച്ച താൽക്കാലിക തീയതി കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

(3) **മെഡിക്കൽ നിലവാരം:-**

എല്ലാ പുരുഷ/വനിതാ ഉദ്യോഗാർത്ഥികൾക്കും താഴെ പറയുന്ന പ്രകാരമുള്ള മെഡിക്കൽ നിലവാരം ഉണ്ടായിരിക്കണം.

(i) **ചെവി** : നല്ല കേൾവിശക്തി ഉണ്ടായിരിക്കണം.

(ii) **കണ്ണ്** : കണ്ണടയില്ലാതെ താഴെ പറയുന്ന വിധത്തിലുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരിക്കണം.

| | | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |
| സി) | കളർവിഷൻ | സാധാരണ | |
| ഡി) | നിശാന്ധത | ഇല്ലാതിരിക്കണം | |

(iii) **പേശികളും സന്ധികളും:** തളർവാതം ബാധിക്കാത്തതും എല്ലാ സന്ധികളും ആയാസരഹിതമായി ചലിപ്പിക്കാവുന്നതുമായിരിക്കണം.

(iv) **നാഡീവ്യൂഹം:** പൂർണ്ണ ക്ഷമതയുള്ളതും പകർച്ചവ്യാധികളിൽ നിന്നും വിമുക്തവുമായിരിക്കണം.

**<u>കുറിപ്പ്:</u>** ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം. വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടെയോ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

ശാരീരിക ക്ഷമതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് താഴെ കൊടുത്തിട്ടുള്ള മാതൃകയിൽ സർക്കാർ സർവ്വീസിലുള്ള അസിസ്റ്റന്റ് സർജൻ/ജൂനിയർ കൺസൾട്ടന്റിന്റെ റാങ്കിൽ കുറയാത്ത റാങ്കിലുള്ള ഒരു മെഡിക്കൽ ഓഫീസറിൽ നിന്നും ലഭിച്ച മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ കായികക്ഷമതാ പരീക്ഷ/ എൻഡ്യൂറൻസ് ടെസ്റ്റ് സമയത്ത് ഹാജരാക്കേണ്ടതാണ് കൂടാതെ, ഈ സർട്ടിഫിക്കറ്റ് പ്രമാണ പരിശോധന സമയത്ത് പ്രൊഫൈലിൽ Upload ചെയ്യേണ്ടതുമാണ്.

## <u>FORM OF MEDICAL CERTIFICATE</u>

I have this day, medically examined Sri/Smt/Kum ....................................................... (Name & Address) and found that his/her hearing is perfect, his/her muscles and joints are free from paralysis and all joints are with free movements and his/her nervous system is perfectly normal and free from any infectious diseases which would render him/her unsuitable for government services. His/her age according to his/her own statement is ................. and by appearance is ..................................... and his/her standards of vision is as follows.

**<u>Standards of Vision</u>**
<u>(without glasses)</u>

| | | Right Eye | Left Eye |
|---|---|---|---|
| i. | Distant Vision | ............Snellen | ........... Snellen |
| ii. | Near Vision | ............Snellen | ........... Snellen |
| iii. | Field of Vision | ..................... | |

Specify whether field of vision is full or not. Entries such as Normal, Good etc are inappropriate here)

iv. Colour Vision ................................

v. Night Blindness ................................

vi. Squint ................................

vii. Any morbid condition of the eyes or lids of either eye ……………

**viii)** Identification Marks

i) ...........................

ii) ...........................

He/She is Physically fit for the post of Beat forest Officer in the Kerala Forest and Wildlife Department.

I certify to the best of my knowledge and belief that the applicant Sri. ……………… …………………..(Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: *Signature*
Date : *Name and Designation of the Medical Officer*

*(Office Seal)*

**<u>കുറിപ്പ്:</u>**
കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ 'നോർമൽ', 'ആവറേജ്', 'ഗുഡ്' മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ *(Better/Worse Standards of Vision)* ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ ആയതിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8.** ഈ തസ്തികയിലേക്ക് നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾ ഒരു വർഷം ഏതെങ്കിലും ഫോറസ്റ്റ് ട്രെയിനിംഗ് സ്കൂളിൽ ട്രെയിനിംഗിൽ പങ്കെടുക്കേണ്ടതാണ്. ട്രെയിനിങ് കോഴ്സ് വിജയകരമായി പൂർത്തിയാക്കാത്ത ബീറ്റ് ഫോറസ്റ്റ് ഓഫീസർക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കില്ല.

**9.** നേരിട്ടുള്ള നിയമനം വഴി ജോലിയിൽ പ്രവേശിക്കുന്നവർ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ തുടർച്ചയായ മൂന്ന് വർഷത്തിനുള്ളിൽ രണ്ട് വർഷം പ്രൊബേഷനിലായിരിക്കും.

10. **<u>അപേക്ഷ സമർപ്പിക്കുന്ന രീതി:</u>**

a) ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ Apply Now -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതിയതായി പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പ്രൊഫൈലിൽ upload ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷ ഫീസ് നൽകേണ്ടതില്ല. Password രഹസ്യമായി സൂക്ഷിക്കേണ്ടതും വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ പ്രൊഫൈലിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User Id പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷനു മുമ്പാകെ ഒരിക്കൽ സമർപ്പിച്ചിട്ടുള്ള അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിച്ചതിനു ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ വിവരങ്ങൾ ഒഴിവാക്കുവാനോ കഴിയുകയില്ല. **ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ ഓൺലൈൻ അപേക്ഷയുടെ soft copy/print out എടുത്ത് സൂക്ഷിക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലെ 'My applications' എന്ന Link-ൽ click ചെയ്ത് അപേക്ഷയുടെ print out എടുക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച് കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ print out കൂടി സമർപ്പിക്കേണ്ടതാണ്.** തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപനവ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും.

b) ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ ഖണ്ഡിക 7 പ്രകാരമുള്ള യോഗ്യതയുള്ള അപേക്ഷകർ മാത്രം പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺ ലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. പരീക്ഷ എഴുതുമെന്നുള്ള സ്ഥിരീകരണം നിശ്ചിത സമയപരിധിക്കുള്ളിൽ നൽകാത്തവരുടെ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകേണ്ടതായ കാലയളവു സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ നമ്പറിലും നൽകുന്നതാണ്.

11. **അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി : 07.10.2026** ബുധനാഴ്ച രാത്രി 12 മണി വരെ.

12. **ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) തെരഞ്ഞെടുപ്പിന്റെ ഏത് ഘട്ടത്തിലും അപേക്ഷയിൽ അവകാശപ്പെട്ടിട്ടുള്ള യോഗ്യതയോ, മറ്റ് വസ്തുതകളോ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ അപ് ലോഡ് ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊഫൈൽ സന്ദേശം ലഭിക്കുന്നപക്ഷം അനുവദിക്കപ്പെട്ട സമയപരിധിക്കുള്ളിൽ തന്നെ അവ അപ് ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം രേഖകൾ അപ് ലോഡ് ചെയ്യാത്ത ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുപ്പിന്റെ തുടർഘട്ടത്തിലേയ്ക്ക് പരിഗണിക്കുന്നതല്ല.

(ii) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺ ക്രീമിലയർ/ ജാതി സർട്ടിഫിക്കറ്റിനോടൊപ്പം ജാതിമാറ്റം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(iii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iv) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, പിരിച്ചു വിടുകയോ അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/ക്രിമിനൽ നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്. (ഫോട്ടോ, ID കാർഡ് ഉൾപ്പെടെയുള്ള വിശദവിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് ചേർത്തിരിക്കുന്ന പൊതുവ്യവസ്ഥകൾ നോക്കുക)

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ